**കൈത്താക്കാലം മൂന്നാം ഞായർ - 2016 ജൂലൈ 17**

(യോഹ. 9: 1-12; 35-38)

**വചനസന്ദേശം: റവ.ഫാ. ജോസ് ചോലിക്കര**

ഒരു മനുഷ്യന്റെ ദയനീയാവസ്ഥ കണ്ടിട്ട് എന്തുകൊണ്ട് ഇവനിങ്ങനെ സംഭവിച്ചു എന്ന് ചിന്തിക്കാത്തവരായിട്ടാരുമില്ല.

മനുഷ്യൻ അനുഭവിക്കുന്ന കഷ്ടപ്പാടുകളുടെ കാരണമന്വേഷിക്കുന്ന തത്ത്വചിന്ത പല പല നിഗമനങ്ങളിലാണെത്തി ചേരുന്നത്. ഈ ജന്മത്തിലെ ദുഃഖങ്ങൾക്ക് മുൻ ജന്മത്തിലെ കർമ്മദോഷങ്ങളാണ് കാരണമെന്ന് പുനർ ജന്മത്തിൽ വിശ്വസിക്കുന്ന ഹൈന്ദവ തത്ത്വചിന്ത നമുക്ക് സുപരിചിതമാണല്ലോ. അനിയന്ത്രിതമായ ആഗ്രഹങ്ങളാണ് മനുഷ്യന്റെ ദുഃഖത്തിനു കാരണമെന്ന ബുദ്ധചിന്തയും നമുക്ക് പരിചിതമാണ്.

മനുഷ്യന്റെ രോഗങ്ങൾ, അംഗവൈകല്യം എന്നിവ ഒരുവന്റെ തന്നെ അല്ലങ്കിൽ അവന്റെ മാതാപിതാക്കളുടെ (പൂർവികരുടെ) തെറ്റുകൾക്കുള്ള ശിക്ഷയാണെന്ന പൊതുജനധാരണയ്ക്ക് ഈശോയുടെ അംഗീകാരമുണ്ടോ എന്നറിയുവാൻ ശിഷ്യന്മാരുന്നയിക്കുന്ന ചോദ്യമാണ് ഇന്നത്തെ സുവിശേഷം അവതരിപ്പിക്കുന്നത്.

വഴിയരുകിൽ ഇരുന്ന് ഭിക്ഷ യാചിക്കുന്ന ജന്മനാ അന്ധനായ മനുഷ്യനെ കാണിച്ചുകൊണ്ട് ശിഷ്യന്മാർ ഗുരുവിനോട് ചോദിച്ചു. ഇവൻ ഇങ്ങനെയാകാൻ കാരണമെന്ത്? ഇവന്റെ പാപങ്ങൾ അല്ലെങ്കിൽ ഇവന്റെ മാതാപിതാക്കളുടെ പ്രവൃത്തികൾ?.

ഇവന്റെയോ ഇവന്റെ മാതാപിതാക്കളുടെയോ പാപം നിമിത്തമല്ല ഇവൻ ഈ അവസ്ഥയിലായിരിക്കുന്നത്. പ്രത്യുത ദൈവത്തിന്റെ പ്രവൃത്തികൾ ഇവനിൽ പ്രകടമാക്കാനാണ്. എന്ന് ഈശോ പ്രത്യുത്തരിക്കുന്നു. ഇത് പണ്ട് ഈശോ അന്ധന് കാഴ്ച നല്കി ദൈവമഹത്ത്വം ആ മനുഷ്യനിൽ പ്രകടമാക്കി.

മനുഷ്യന്റെ കഷ്ടപ്പാടുകൾക്കും രോഗങ്ങൾക്കും ദുഃഖ ദുരിതങ്ങൾ ക്കും കാരണമന്വേഷിക്കുകയും അവയെ പരിഹരിക്കുവാൻ വേണ്ട മാർഗങ്ങൾ മനുഷ്യൻ കണ്ടെത്തുകയും വേണം. ഈ പരിശ്രമങ്ങൾ നടക്കുന്നതോടൊപ്പംതന്നെ കഷ്ടപ്പെടുന്നവരോട് ദൈവകരുണയെപ്പറ്റി പ്രവൃത്തികൾ കൊണ്ട് സാക്ഷ്യം നല്കാൻ നമുക്കാവണം. ദൈവകരുണയുടെ വർഷമായി പരിശുദ്ധപിതാവ് ഫ്രാൻസിസ് പാപ്പ ഈ വർഷത്തെ പ്രഖ്യാപിച്ചിരിക്കുകയാണല്ലോ.

മുൻ ജന്മത്തിലെ കർമ്മദോഷമാണ് ഈ ജന്മത്തിലെ ദുഃഖദുരിതങ്ങൾക്ക് കാരണമെന്ന് വിശ്വസിച്ചാൽ ഒരുവൻ അവന്റെ തന്നെ പാപത്തിനു പരിഹാരം ചെയ്യുന്നതുകൊണ്ട് മറ്റുള്ളവർക്ക് അവനെ സഹായിക്കാനാവില്ല. കർമ്മഫലം അനുഭവിച്ചു തന്നെ തീർക്കണമെന്ന ഉപേക്ഷയുടെ സമീപനം നമ്മിൽ രൂപപ്പെടും. ഇത് അപകടകരമായ ഉദാസീനതയിലേയ്ക്ക് നമ്മെ എത്തിക്കും.

ക്രൈസ്തവ ഉപവി രോഗിയിലും, ഉപേക്ഷിക്കപ്പെട്ടവരിലും പരാജിതരിലും ഈശോയെ കാണുവാനും ശുശ്രൂഷിക്കുവാനും നമ്മെ ഉദ്ബോധിപ്പിക്കുന്നു. (മത്തായി 25: 35-40)

തന്റെ മുമ്പിൽ വന്ന അനാഥരും ആലംബഹീനരും തന്റെ നാഥനായ ഈശോയുടെ പ്രതിരൂപങ്ങളാണെന്ന ബോധ്യമാണ് മദർ തെരേസായെ ആതുരശുശ്രൂഷയ്ക്ക് പ്രേരിപ്പിച്ചത്.

മനുഷ്യരാൽ ഉപേക്ഷിക്കപ്പെട്ടവർക്കും അവഗണിക്കപ്പെട്ടവർക്കും ആശ്രയമാകുവാൻ ക്രൈസ്തവ മിഷനറികൾക്ക് പ്രേരണ നല്കുന്ന ചിന്തയും മറ്റൊന്നല്ല.

ദൈവത്തിന്റെ പ്രവൃത്തികൾ കാരുണ്യ പ്രവർത്തനങ്ങളിലൂടെ പ്രാവർത്തികമാക്കുവാൻ മാർപാപ്പ നമ്മെ ഉദ്ബോധിപ്പിക്കുന്നു.